"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ - ലോക്ക് ഡൗൺ മാനദണ്ഡങ്ങളിൽ ഇളവുകൾനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ ( രഹസ്യ വിഭാഗം) വകുപ്പ്**

**സ.ഉ.(കൈ) നം.74/2020/പൊ.ഭ.വ** തീയതി,തിരുവനന്തപുരം, 14/04/2020

---

പരാമർശം:- 1 കേന്ദ്ര ആഭ്യന്തര മന്ത്രാലയം 24.3.2020, 25.3.2020, 27.03.2020, 02.04.2020, 03.04.2020 തീയതികളിൽ പുറപ്പെടുവിച്ച 40-3/2020/ഡി.എം.1(എ) നമ്പരായുള്ള ഉത്തരവുകൾ

2 സ.ഉ.(കൈ) നം. 49/2020/പൊ ഭവതീയതി, 23.03.2020

3 11.4.2020 തീയതിയിലെ മുഖ്യമന്ത്രിയുടെ കോവിഡ്-19 പ്രതിദിന വാർത്താ സമ്മേളനത്തിന്റെ നടപടികുറിപ്പുകൾ

**ഉത്തരവ്**

കോവിഡ്- 19 നിർവ്യാപന / പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സമ്പൂർണ ലോക്ക് ഡൗൺ ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ കേന്ദ്ര സംസ്ഥാന സർക്കാരുകൾ പരാമർശിത ഉത്തരവുകൾ മുഖാന്തിരം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ക്രമീകരണങ്ങളുടെ വ്യവസ്ഥകളിൽ ഇളവുകൾ നൽകിക്കൊണ്ട് ചുവടെപ്പറയുന്ന വിഭാഗങ്ങൾക്ക് ഉപാധികളോടുകൂടി പ്രവർത്തിക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവാകുന്നു.

(എ) തയ്യാറാക്കി വച്ചിരിക്കുന്ന റിട്ടേണുകൾ ഫയൽ ചെയ്യുന്നതിനായി എല്ലാ ചാർട്ടേഡ് അക്കൌണ്ടന്റുമാർക്കും ടാക്സ് പ്രാക്ടീഷണർമാർക്കും അവരുടെ ഓഫീസ് ബുധനാഴ്ച ദിവസം രാവിലെ 10 മണി മുതൽ 5 മണിവരെ തുറന്ന് പ്രവർത്തിപ്പിക്കാവുന്നതാണ്.

(ബി) വിദേശത്തുനിന്ന് ഇറക്കുമതി ചെയ്ത പ്രിൻറിംഗ് പ്രസ്സുകൾ ദീർഘകാലമായി പ്രവർത്തിക്കാതിരുന്നാൽ കേടുപാടുകൾ സംഭവിക്കുമെന്നുള്ളതുകൊണ്ട് അത്തരം പ്രിൻറിംഗ് പ്രസ്സുകൾ വെള്ളിയാഴ്ച ദിവസം രാവിലെ 10 മണി മുതൽ 5 മണിവരെ തുറന്ന് പ്രവർത്തിപ്പിക്കാവുന്നതാണ്.

മേൽപ്പറഞ്ഞ ഓഫീസുകൾ / സ്ഥാപനങ്ങൾ പ്രവർത്തിക്കുമ്പോൾ കോവിഡ്- 19 നിർവ്യാപനവുമായി ബന്ധപ്പെട്ട 'ബ്രേക്ക് ദ ചെയിൻ 'പരിപാടിയുടെ മാർഗനിർദേശങ്ങൾ കർശനമായി പാലിക്കുന്നുവെന്ന് ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ജ്യോതിലാൽ കെ.ആർ.**
**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ്

1. എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും,സെക്രട്ടറിമാർക്കും സ്പെഷ്യൽസെക്രട്ടറിമാർക്കും
2. സെക്രട്ടറി നിയമവകുപ്പ്
3. സെക്രട്ടറി കേരള നിയമസഭ തിരുവനന്തപുരം
4. സംസ്ഥാന പോലീസ് മേധാവി,തിരുവനന്തപുരം
5. ലേബർ കമ്മീഷണർ, തിരുവനന്തപുരം
6. തൊഴിൽ വകുപ്പ്
7. എല്ലാ ജില്ലാ കളക്ടർമാർക്കും
8. എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും
9. പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ, കേരള, തിരുവനന്തപുരം
10. മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
11. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ. & പി ആർ ഡി (വിപുലമായ പ്രചരണത്തിന്)
12. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by P T SUMOD
Date: 2020.04.14 13:33:33 IST
Reason: Approved
സെക്ഷൻ ഓഫീസർ